# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.736 11.07.2016 ൽ മറുപടിയ്ക്ക്

**റോഡുകൾ സുരക്ഷിതമാക്കാൻ കർമ്മ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>" ഐ.സി.ബാലകൃഷ്ണൻ<br>" അൻവർ സാദത്ത്<br>" കെ.എസ്. ശബരീനാഥൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡുകൾ സുരക്ഷിതമാക്കുന്നതിന് മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ റോഡുകളെ അപകട രഹിതമാക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിലുടനീളമുള്ള എല്ലാ റോഡുകളുടെയും സുരക്ഷാ ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും 589.99 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഭരണാനുമതി ലഭിച്ചിട്ടില്ല. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദവിവരം വ്യക്തമാക്കുമോ; | (ബി) റോഡപകടങ്ങൾ കുറയ്ക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ റോഡ് മാർക്കിംഗുകൾ, ഡയറക്ഷൻ ബോർഡുകൾ, സൈൻ ബോർഡുകൾ, ക്രാഷ് ബാരിയറുകൾ, റംബിൾ സ്ട്രിപ്പുകൾ, റിഫ്ളക്ടറുകൾ, റോഡ് സ്റ്റഡുകൾ തുടങ്ങിയ സുരക്ഷാ ഉപാധികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ ജ്യോമെട്രിക്ക് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ് എന്നിവയ്ക്കുള്ള ശുപാർശകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. റോഡപകടങ്ങൾ പരമാവധി കുറച്ച് റോഡ് സുരക്ഷ വർദ്ധിപ്പിക്കുക എന്നുള്ള ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) ഇതിന്റെ നിർവ്വഹണത്തിനായി എന്തെല്ലാം നടപടികൾ ഭരണ തലത്തിൽ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ? | (സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാതല റോഡ് സുരക്ഷാ സമിതി, കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗുകൾ, ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ സംസ്ഥാനതല അവലോകനയോഗം എന്നിവ സംഘടിപ്പിക്കുകയും പ്രസ്തുത യോഗങ്ങളിൽ സംസ്ഥാനത്ത് നടക്കുന്ന റോഡ് അപകടങ്ങളുടെ എണ്ണം നിരീക്ഷിക്കുകയും ആയത് കുറയ്ക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ